(7) പഞ്ചകർമ്മ

(8) അഗദതന്ത്ര

(9) ശല്യതന്ത്ര

(10) ശാലാക്യതന്ത്ര

ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ

സ്പെഷ്യാലിറ്റി:

(1) രോഗനിദാന

(2) ക്രിയാശാരിര

(ഡി) ആയുർവേദത്തിൽ ബിരുദം (ബി.എ.എം.എസ്., ആയുർവേദാചാര്യ) അഭിലഷണീയം:

ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം.

(ഇ) 30 പേർ.

(എഫ്) 2 പേർ.

(ജി) 13.

(എച്ച്) 11 പേർ.

(ഐ) പി.എസ്.സി. വഴി 10 പേരും താൽക്കാലികമായി ഒരാളും ജോലി ചെയ്തുവരുന്നു.

(ജെ) ആരും ഇല്ല.

(കെ) 1996-ൽ.

(എൽ) 2.

(എം) ഉണ്ട്. പി.എസ്.സി. ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(എൻ) 'എം' പിരിവിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഒ) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമായി നീക്കിവച്ചിരിക്കുന്ന തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്.

കുന്ദമംഗലം മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറി ആരംഭിക്കാൻ നടപടി

165 [2658] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുതായി ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനവലംബിക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ;

(ഡി) കുന്ദമംഗലം മണ്ഡലത്തിൽ എത്ര ഡിസ്പെൻസറികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തിലും ആയുർവേദ ഡിസ്പെൻസറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആയുർവേദവകുപ്പിന്റെ കീഴിൽ 737 ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 730 എണ്ണം ആയുർവേദ ഡിസ്പെൻസറികളും 6 എണ്ണം സിദ്ധ ഡിസ്പെൻസറികളും ഒരെണ്ണം യുനാനി ഡിസ്പെൻസറിയും ആണ്. കൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 18 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി ആന്റ് സി) പുതുതായി ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് സ്ഥലം, കെട്ടിടം എന്നീ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട പഞ്ചായത്തുകളാണ്. ഇത്തരം പഞ്ചായത്തുകളുടെ അപേക്ഷകൾ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തി സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

(ഡി) കുന്ദമംഗലം മണ്ഡലത്തിൽ ആറ് ആയുർവേദ ഡിസ്പെൻസറികൾ നിലവിലുണ്ട്.

(ഇ) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലുള്ള പഞ്ചായത്തിന്റെ സന്നദ്ധതയും സർക്കാരിന്റെ സാമ്പത്തികനിലയും കണക്കിലെടുത്തുമാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ.

സിദ്ധവൈദ്യൻമാർക്ക് ഔഷധ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാൻ നടപടി

166 [2659] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പാരമ്പര്യ സിദ്ധവൈദ്യൻമാർക്ക് ഔഷധ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത രാസവസ്തുക്കൾ ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ഔഷദ്ധ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly